Sectt. 3/45/2010/5 lakhs GPM. © Govt. of Ke

GOVERNMENT OF KERALA

തൊഴിലും പുനരധിവാസവും (ഇ ) വകുപ്പ്

വിജ്ഞാപനം

ജി.ഒ(എം.എസ്)നമ്പർ. 161/2010/തൊഴിൽ    *തിരുവനന്തപുരം, 2010* ഡിസംബർ18

എസ്.ആർ.ഒ.നമ്പർ........../2010.- 1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2004 സെപ്റ്റംബർ 7-ാം തീയതിയിലെ 35-ാം നമ്പർ കേരള ഗസറ്റിന്റെ ഭാഗം I വിഭാഗം iv ൽ എസ്.ആർ.ഒ നമ്പർ 960/2004 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2004 മെയ് 12-ാം തീയതിയിലെ സ.ഉ (സാധാ) 1252/2004/തൊഴിൽ നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചു കൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2010 ഏപ്രിൽ 21-ാം തീയതിയിലെ 962-ാം നമ്പർ കേരള അസാധാരണഗസറ്റിൽ പ്രസിദ്ധീകരിച്ച 2010 ഏപ്രിൽ 16-ാം തീയതിയിലെ 23908/ഇ1/2009/തൊഴിൽ എന്ന പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും, നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും, പ്രസ്തുത ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശകസമിതിയുടെ ശുപാർശകളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ ഐസ് ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ പുതുക്കിനിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി പ്രസ്തുതനിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുന്നു.

പട്ടിക

**എ.അടിസ്ഥാന വേതനം:-**

| ക്രമ നമ്പർ | വിഭാഗം /ജോലി | പ്രതിമാസ അടിസ്ഥാന വേതനം (രൂപ) |
|---|---|---|
| ഭാഗം I | | |
| 1 | ഓപ്പറേറ്റർ | ₹ 5160.00 |
| 2 | ഐസ് മാൻ | ₹ 4992.00 |
| 3 | വാച്ച് മാൻ/ ഹെൽപ്പർ | ₹ 4836.00 |
| ഭാഗം II | | |
| 1 | മാനേജർ | ₹ 7200.00 |
| 2 | അസിസ്റ്റന്റ് മാനേജർ | ₹ 6000.00 |
| 3 | ക്ലാർക്ക്/കാഷ്യർ/ കമ്പ്യൂട്ടർ ഓപ്പറേറ്റർ | ₹ 4992.00 |
| 4 | ജനറൽ വർക്കർ/പ്യൂൺ/സെക്യൂരിറ്റിഗാർഡ് | ₹ 4836.00 |
| 5 | ഫുൾടൈം സ്വീപ്പർ/ ക്ലീനർ | ₹ 4368.00 |

**ബി. ക്ഷാമബത്ത:-** അടിസ്ഥാനവേതനത്തിന് പുറമേ, സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന (1998-99=100) എന്ന പുതിയ ഉപഭോക്തൃ വില സൂചികയിലെ അതത് ജില്ലാ കേന്ദ്രത്തിന്റെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചികയിലെ 130 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 22 രൂപ 10 പൈസ (ഇരുപത്തിരണ്ട് രൂപ പത്ത് പൈസ) നിരക്കിൽ ക്ഷാമബത്തയ്ക്കും തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കു വേണ്ടി യഥാക്രമം മൂന്നാർ, മേപ്പാടി കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമ ബത്ത നൽകേണ്ടതാണ്.

**സി. സർവ്വീസ് വെയ്റ്റേജ്:-** ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ അഥവാ തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി മൂന്നു വർഷത്തിലധികം സേവനകാലയളവുള്ള തൊഴിലാളിക്ക്, പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും, പുതുക്കിയ അടിസ്ഥാനവേതനത്തിന്റെ ഒരു ശതമാനം വീതം പരമാവധി 15 ശതമാനം തുക സർവ്വീസ് വെയിറ്റേജായി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

**ഡി. ദിവസവേതനം:-** ഈ വിജ്ഞാപനപ്രകാരം മാസവേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും വിഭാഗം തൊഴിലാളിയുടെ ദിവസവേതനം മൊത്തം മാസവേതനത്തെ 26 കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

**ഇ. ഉയർന്ന വേതനത്തിന് സംരക്ഷണം:-** ഈ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമംവേതനത്തേക്കാൾ ഉയർന്നവേതനം ഏതെങ്കിലും സ്ഥാപനത്തിൽ/ വ്യവസായത്തിൽ തൊഴിലാളിക്ക് ഇപ്പോൾ ലഭിക്കുന്നുണ്ടെങ്കിൽ, അപ്രകാരമുള്ള ഉയർന്ന വേതനം തന്നെ തുടർന്നും തൊഴിലാളിക്ക് ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ബി. പ്രകാശ്
ഗവൺമെന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്).

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാകുന്നു).

2004 സെപ്റ്റംബർ 7-ാം തീയതിയിലെ 35-ാം നമ്പർ കേരള ഗസറ്റിന്റെ ഭാഗം I വിഭാഗം iv -ൽ എസ്. ആർ. ഒ നമ്പർ 960/2004 ആയി പ്രസിദ്ധീകരിച്ച 2004 മേയ് 12-ാം തീയതിയിലെ സ.ഉ(സാധാ) 1252/2004/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം, കേരള സംസ്ഥാനത്തെ ഐസ് ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞകൂലി നിരക്കുകൾ സർക്കാർ പുതുക്കി നിശ്ചയിച്ചിരുന്നു. നിലവിലുള്ള ഈ നിരക്കുകൾ പുതുക്കിനിശ്ചയിക്കുവാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

## Labour and Rehabilitation (E) Department

## NOTIFICATION

**G.O.(MS) No. 161 /2010/LBR.** ***Dated, Thiruvananthapuram, 18th*** December, 2010

S.R.O.No........../2010.- In exercise of powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O(Rt) No. 1252/2004/LBR dated 12th May, 2004 and published as S.R.O. No. 960/2004 in Part I Section iv of the Kerala Gazette No. 35 dated 7th September, 2004, the Government of Kerala after considering the objection and suggestion received on the preliminary notification issued under No. 23908/E1/2009/LBR dated 16th April, 2010 and published in the Kerala Gazette Extraordinary No. 962 dated 21st April, 2010 as required under clause (b) of sub-section (1) of section 5 of the said Act and after considering the advice of the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in Ice Factories in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date on which the revised rates shall come into force.

SCHEDULE

**A. Basic Wages**

| Sl. No. | Category/Work | Monthly rate of wages ₹ |
|---|---|---|
| Part I | | |
| 1. | Operator | ₹ 5160.00 |
| 2. | Ice Man | ₹ 4992.00 |
| 3. | Watchman/Helper | ₹ 4836.00 |
| Part II | | |
| 1. | Manager | ₹ 7200.00 |
| 2. | Assistant Manager | ₹ 6000.00 |
| 3. | Clerk/Cashier/Computer Operator | ₹ 4992.00 |
| 4. | General Worker/Peon/Security Guard | ₹ 4836.00 |
| 5. | Full-time Sweeper/Cleaner | ₹ 4368.00 |

**B. Dearness Allowance:-** In addition to the basic wages, the employees shall be eligible for Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the concerned District Headquarters by the Department of Economics and Statistics, Government of Kerala at the rate of ₹ 22.10 (Rupees twenty two and ten paise) per each point above 130 points in the new series i.e., 1998-99=100.

For Idukki and Wayanad District Head quarters, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

**C. Service Weightage:-** The employee who have completed three years continuous service in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage at the rate of one percent of the basic wages at the revised rate for every completed year of service subject to a maximum of fifteen percentage, including the basic wages.

**D. Daily Wages:-** The daily rate in respect of the category of employees for whom monthly rate is fixed in this notification may be calculated by dividing the monthly rate by 26.

**E. Protection for Higher Wages:-** In case the employees of any establishment/ Industry are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

By order of the Governor,

B. Prakash

Secretary to Government(i/c)

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government had earlier revised the minimum rates of wages payable to the employees employed in Ice Factories in the State vide G.O(Rt) 1252/2004/LBR dated 12th May, 2004 published as S.R.O No. 960/2004 in the Kerala Gazette No. 35 dated 7th September 2004. Government have now decided to revise the existing Minimum rates of wages in Ice Factories in the Kerala State.

This notification is intended to achieve the above object.